**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3962** **27-10-2021 - ൽ മറുപടിയ്ക്ക്**

**മെഡിക്കൽ സ്റ്റോറുകളിലെ പരിശോധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു,<br>ശ്രീ എം മുകേഷ് ,<br>ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മെഡിക്കൽ സ്റ്റോറുകളുടെ പരിശോധനക്ക് സ്വീകരിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 25874 മൊത്ത/ ചില്ലറ ഔഷധ വ്യാപാര സ്ഥാപനങ്ങൾ ഡ്രഗ്സ് റൂൾസ് 1945ൽ പ്രതിപാദിച്ചിട്ടുള്ള വ്യവസ്ഥകൾ പാലിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തുന്നതിനാണ് ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥരായ ഡ്രഗ്സ് ഇൻസ്പെക്ടർമാർ പരിശോധന നടത്തുന്നത്. രജിസ്റ്റേർഡ് ഫാർമസിസ്റ്റിന്റെ സേവനലഭ്യത, മരുന്നുകൾ ശരിയായ രീതിയിൽ സൂക്ഷിക്കുന്നതിനുള്ള സംവിധാനത്തിന്റെ പരിശോധന, മരുന്നുകളുടെ വാങ്ങൽ/ വിൽപ്പന രേഖകളുടെ ആധികാരികത, പ്രിസ്ക്രിപ്ഷനില്ലാതെ ഷെഡ്യൂൾഡ് മരുന്നുകൾ വിൽപ്പന നടത്തുന്നില്ലായെന്ന് ഉറപ്പ് വരുത്തുക, മരുന്ന് വ്യാപാര സ്ഥാപനങ്ങൾ സംഭരിച്ചിരിക്കുന്ന മരുന്നുകളിൽ നിന്നും റാൻഡം സാമ്പിളുകളുടെ ശേഖരണം എന്നിവയാണ് മുഖ്യമായും പരിശോധനയുടെ മാനദണ്ഡങ്ങളായി നിഷ്കർഷിച്ചിട്ടുള്ളത്. മരുന്നുകളുടെ വാങ്ങലിലും വിൽപ്പനയിലുമുള്ള ചെറിയ വ്യതിയാനങ്ങൾ കണ്ടെത്തിയാൽ പോലും ലൈസൻസ് സസ്പെൻഷൻ പോലുള്ള വകുപ്പ്തല നടപടികളും അനിവാര്യമെങ്കിൽ നിയമനടപടികളും സ്വീകരിക്കാറുണ്ട്. |
| (ബി) | ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ചട്ടങ്ങളിലെ മാനദണ്ഡ പ്രകാരമാണോ മരുന്നുകൾ വിൽക്കുന്നതെന്ന് ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (ബി) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 25874 മൊത്ത/ ചില്ലറ ഔഷധ വ്യാപാര സ്ഥാപനങ്ങൾ ഡ്രഗ്സ് റൂൾസ് 1945ൽ പ്രതിപാദിച്ചിട്ടുള്ള വ്യവസ്ഥകൾ പാലിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തുന്നതിനാണ് ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥരായ ഡ്രഗ്സ് ഇൻസ്പെക്ടർമാർ പരിശോധന നടത്തുന്നത്. രജിസ്റ്റേർഡ് ഫാർമസിസ്റ്റിന്റെ സേവനലഭ്യത, മരുന്നുകൾ |

| | | | |
|---|---|---|---|
| | | | ശരിയായ രീതിയിൽ സൂക്ഷിക്കുന്നതിനുള്ള സംവിധാനത്തിന്റെ പരിശോധന, മരുന്നുകളുടെ വാങ്ങൽ/ വിൽപ്പന രേഖകളുടെ ആധികാരികത, പ്രിസ്ക്രിപ്ഷനില്ലാതെ ഷെഡ്യൂൾഡ് മരുന്നുകൾ വിൽപ്പന നടത്തുന്നില്ലായെന്ന് ഉറപ്പ് വരുത്തുക, മരുന്ന് വ്യാപാര സ്ഥാപനങ്ങൾ സംഭരിച്ചിരിക്കുന്ന മരുന്നുകളിൽ നിന്നും റാൻഡം സാമ്പിളുകളുടെ ശേഖരണം എന്നിവയാണ് മുഖ്യമായും പരിശോധനയുടെ മാനദണ്ഡങ്ങളായി നിഷ്കർഷിച്ചിട്ടുള്ളത്. മരുന്നുകളുടെ വാങ്ങലിലും വിൽപ്പനയിലുമുള്ള ചെറിയ വ്യതിയാനങ്ങൾ കണ്ടെത്തിയാൽ പോലും ലൈസൻസ് സസ്പെൻഷൻ പോലുള്ള വകുപ്പ്തല നടപടികളും അനിവാര്യമെങ്കിൽ നിയമനടപടികളും സ്വീകരിക്കാറുണ്ട്. |
| (സി) | മെഡിക്കൽ സ്റ്റോറുകളുടെ പരിശോധനക്കായി എത്ര ഡ്രഗ്സ് ഇൻസ്പെക്ടർമാരാണുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) | ഔഷധ വ്യാപാര സ്ഥാപനങ്ങളുടെ പരിശോധനയ്ക്കായി ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന എൻഫോഴ്സ്മെന്റ് വിഭാഗത്തിൽ അനുവദിച്ചിട്ടുള്ള 47 ഡ്രഗ്സ് ഇൻസ്പെക്ടർമാരുടെ തസ്തികയിൽ ഡ്രഗ്സ് ഇൻസ്പെക്ടർമാർ സേവനം ചെയ്തു വരുന്നു. |
| (ഡി) | സംസ്ഥാനത്ത് ലൈസൻസുള്ള അലോപ്പതി, ആയുർവേദ, ഹോമിയോ മെഡിക്കൽ സ്റ്റോറുകളുടെ എണ്ണം ലഭ്യമാണോ; എങ്കിൽ അറിയിക്കാമോ? | (ഡി) | സംസ്ഥാനത്ത് 25,874 അലോപ്പതി ഔഷധ വ്യാപാര സ്ഥാപനങ്ങളും, 867 ഹോമിയോ മരുന്ന് വ്യാപാര സ്ഥാപനങ്ങളും നിലവിലുണ്ട്. ആയുർവ്വേദ, സിദ്ധ, യുനാനി മരുന്നുകളുടെ വിതരണം/ വിൽപ്പനയ്ക്ക് ഡ്രഗ്സ് റൂൾസ് 1945 പ്രകാരം ലൈസൻസുകൾ ആവശ്യമില്ല. |

സെക്ഷൻ ഓഫീസർ